ഉത്തരം

(എ)&(ബി) ഉണ്ട്.

(സി)&(ഡി) കേസ്സ് രജിസ്റ്റർ ചെയ്ത് ടി യാളുടെ ബന്ധുക്കളെയും അയൽവാസികളെയും മറ്റും ചോദ്യംചെയ്തും മരണം നടന്ന സാഹചര്യത്തെപ്പറ്റി അന്വേഷിച്ചും തിരുവനന്തപുരം ഫോറൻസിക് ലബോറട്ടറിയിൽ നിന്നും സൈന്റിഫിക് അസിസ്റ്റന്റിനെ വരുത്തി മെറ്റീരിയൽ ഓബ്ജറ്റുകൾ ശേഖരിച്ചും മറ്റും അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

(ഇ)&(എഫ്) ഉണ്ട്; ഇക്കാര്യത്തിൽ കേരള ഹൈക്കോടതിയിൽ ഒരു ഒ.പി. ഫയൽ ചെയ്തിട്ടുണ്ട്. ഹൈക്കോടതിയുടെ നിർദ്ദേശങ്ങളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

53 (2238) പെരിങ്ങോം വയക്കര വിശ്വനാഥന്റെ ദുരൂഹ മരണം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1996-ലെ തെരഞ്ഞെടുപ്പ് ദിവസം ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര പഞ്ചായത്തിലെ വിശ്വനാഥന്റെ മരണത്തെക്കുറിച്ചുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

വിശ്വനാഥന്റെ മരണം സംബന്ധിച്ച് ക്രൈം 236/സി. ആർ/96 സെക്ഷൻ 304 (എ) 202 ഐ.പി.സി. ആന്റ് 34 (എ) (ബി)ഓഫ് എം.വി ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി പ്രതികൾക്കെതിരെ പയ്യന്നൂർ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ 26-6-97-ൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

54 (2239) ജീപ്പിടിച്ച് കുട്ടി മരിച്ച സംഭവം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13.2.99-ൽ എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ കെ.എൽ.7 വി. 8633 നമ്പർ ജീപ്പിടിച്ച് മൂന്നുവയസ്സുള്ള കുട്ടി മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ പേരിൽ വാഹനം ഓടിച്ചിരുന്ന ഡ്രൈവറുടെ പേരിൽ ഏതു വകുപ്പനുസരിച്ചാണ് കേസ്സെടുത്തിരിക്കുന്നത്;

(സി) ഈ ഡ്രൈവർക്ക് ഡ്രൈവിംഗ് ലൈസൻസ് ഇല്ലായിരുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ ഡ്രൈവറെ നിയമിച്ച ഗ്രാമപഞ്ചായത്തധികൃതർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) മരിച്ച കുട്ടിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly